കേരള സർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**
**തിരുവനന്തപുരം–695003, ഫോൺ/ഫാക്സ് - 0471 2727379**
**ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in**

**BCDIR/507/2023-A1** **തീയതി : 10-02-2026**

<u>ഭരണഭാഷ – മാതൃഭാഷ</u>

## <u>വിജ്ഞാപനം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ക്ലറിക്കൽ ജോലികൾക്കായി താല്കാലിക തസ്തികളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ പരമാവധി 179 ദിവസത്തേയ്ക്ക് ജീവനക്കാരെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളിഭവനിൽ സ്ഥിതി ചെയ്യുന്ന വകുപ്പ് ഡയറക്ടറേറ്റിൽ 3 ഉം വകുപ്പിന്റെ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് മേഖലാ കാര്യാലയങ്ങളിൽ ഒന്ന് വീതവും ആകെ 7 പേരെയാണ് താത്കാലിക ക്ലർക്ക് തസ്തികയിൽ നിയോഗിക്കുന്നത്.

വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ പൂരിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തിയ അപേക്ഷ ബന്ധപ്പെട്ട ഓഫീസിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി - 19.02.2026.**
**(വൈകുന്നേരം 5 മണി വരെ.)**

അപേക്ഷയിൽ രേഖപ്പെടുത്തുന്ന ഇ-മെയിൽ & ഫോൺ നമ്പർ നിലവിൽ ഉപയോഗിച്ചു വരുന്നതായിരിക്കണം. അഭിമുഖം സംബന്ധിച്ച വിവരങ്ങൾ, തുടർന്നുള്ള മറ്റ് അറിയിപ്പുകൾ എന്നിവ അതത് ഓഫീസുകളിൽ നിന്നും അപേക്ഷയിൽ രേഖപ്പെടുത്തുന്ന ഇ-മെയിൽ മുഖാന്തിരം ആയിരിക്കും നൽകുന്നത്.

## അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പരമാവധി 179 ദിവസങ്ങളിലേയ്ക്കാണ് നിയമനം നടത്തുന്നത്. യാതൊരു കാരണവശാലും ജോലിയിൽ സ്ഥിരപ്പെടുത്തുന്നതല്ല.
- കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ്-ടു/തത്തുല്യം ആയിരിക്കും.
- കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമാണ്.
- മലയാളം ടൈപ്പിംഗ് അഭികാമ്യം.
- സർക്കാർ ഓഫീസുകളിൽ ക്ലറിക്കൽ തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർ/ ഇ-ഓഫീസ്/ഇ-ഗ്രാന്റ്സ് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
- 18 നും 45 നും ഇടയിൽ പ്രായമുള്ളവർ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- താല്ക്കാലിക ക്ലറിക്കൽ തസ്തികയുടെ പ്രതിമാസ വേതനം നിലവിലെ ചട്ടപ്രകാരം കണക്കാക്കി അനുവദിക്കുന്നതാണ്.
- അപേക്ഷയും അനുബന്ധരേഖകളും സൂക്ഷ്മപരിശോധന നടത്തിയും തുടർന്ന് കൂടിക്കാഴ്ച നടത്തി പ്രായോഗിക പരിജ്ഞാനം വിലയിരുത്തിയുമാണ് ജീവനക്കാരെ തിരഞ്ഞെടുക്കുന്നത്.
- സേവനം തൃപ്തികരമല്ലായെങ്കിലോ കൃത്യവിലോപങ്ങൾ ഉണ്ടാകുന്ന പക്ഷമോ ഉടൻ സേവനം അവസാനിപ്പിക്കുന്നതാണ്.

### അപേക്ഷ സമർപ്പിക്കേണ്ട ഓഫീസുകളുടെ മേൽവിലാസം

| ഓഫീസ് | മേൽവിലാസം |
|---|---|
| ഡയറക്ടറേറ്റ് | ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>അയ്യങ്കാളിഭവൻ, നാലാം നില<br>വെള്ളയമ്പലം, കവടിയാർ പി.ഒ<br>തിരുവനന്തപുരം - 695003,<br>ഇ-മെയിൽ -bcddkerala@gmail.com<br>ഫോൺ - 0471 2727379, 0471 2727378 |
| കൊല്ലം മേഖലാ ആഫീസ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്<br>മുണ്ടയ്ക്കൽ, കപ്പലണ്ടിമുക്ക്, കൊല്ലം - 691001<br>ഇ-മെയിൽ -bcddklm@gmail.com<br>ഫോൺ - 0474 2914417 |

| | |
|---|---|
| എറണാകുളം മേഖലാ ആഫീസ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില<br>കാക്കനാട്, എറണാകുളം - 682030<br>ഇ-മെയിൽ - bcdderanakulam@gmail.com<br>ഫോൺ - 0484 2983130 |
| പാലക്കാട് മേഖലാ ആഫീസ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>മിനി സിവിൽ സ്റ്റേഷൻ - നാലാം നില,<br>സ്വാതി ജംഗ്ഷൻ, ആലത്തൂർ, പാലക്കാട് - 678541<br>ഇ-മെയിൽ -bcddpkd@gmail.com<br>ഫോൺ - 0492 2222335 |
| കോഴിക്കോട് മേഖലാ ആഫീസ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020<br>ഇ-മെയിൽ - calicutbcdd@gmail.com<br>ഫോൺ - 0495 277786 |

Digitally signed by
MISAL SAGAR BHARAT IAS
Date: 10-02-2026
13:20:58

**Misal Sagar Bharat IAS**

**DIRECTOR**

Government of Kerala

# Backward Classes Development Department

## APPLICATION FOR THE POST OF CLERK (Temporary)

| Sl No | Particulars | Details |
|---|---|---|
| 1 | Name of Applicant | |
| 2 | Complete Postal Address With District & Pin code | District: Pin: |
| 3 | Gender | |
| 4 | Age and Date of Birth | |
| 5 | Primary Mobile Number | |
| 6 | Secondary Mobile Number | |
| 7 | Email ID* | |
| 8 | Educational Qualification | |
| 9 | Computer Qualification | |
| 10 | Additional Qualifications (if any) | |
| 11 | Experience in Govt Sector (if any) | |
| 12 | Remarks | |

Place:

Date : Name and Signature